
# ശ്രീ ശങ്കര സാരസ്വത സർവസ്വഃ

## വ്യാഖ്യാനസഹിതം



## വാല്യം – 13

# വേദാന്തപ്രകരണങ്ങൾ

(ഉപദേശസാഹസ്രീ, 21 വേദാന്തപ്രകരണങ്ങൾ)

आर्षविद्याप्रतिष्ठानम्
ആർഷവിദ്യാപ്രതിഷ്ഠാനം
തിരുവനന്തപുരം - 695122

# ശ്രീ ശങ്കര സാരസ്വത സർവസ്വം

## വ്യാഖ്യാനസഹിതം

വാല്യം - 13

## വേദാന്ത പ്രകരണങ്ങൾ

### വ്യാഖ്യാനസഹിതം

(ഉപദേശസാഹസ്രീ, ഏകശ്ലോകീ, മായാപഞ്ചകം, ഉപദേശപഞ്ചരത്നം, അദ്വൈതപഞ്ചരത്നം, മനീഷാപഞ്ചകം, യതിപഞ്ചകം, നിർവാണഷട്കം, ധന്യാഷ്ടകം, സ്വരൂപാനുസന്ധാനാഷ്ടകം, ദശശ്ലോകീ, നിർവാണമഞ്ജരി, പ്രൗഢാനുഭൂതി, ജീവന്മുക്താനന്ദലഹരി, അനാത്മശ്രീവിഗർഹണപ്രകരണം, ലഘുവാക്യവൃത്തി, ബ്രഹ്മജ്ഞാനാവലീമാല, യോഗതാരാവലി, ബ്രഹ്മാനുചിന്തനം, ശ്രീമണിരത്നമാല, ദൃക്ദൃശ്യവിവേകം, വാക്യവൃത്തി)

വ്യാഖ്യാതാക്കൾ

ഡോ. ഇ. ആർ. ശ്രീകൃഷ്ണശർമ്മ, വേദാന്തശിരോമണി എ. ശങ്കരശർമ്മ, സ്വാമി ചിദാനന്ദപുരി, അഡ്വ. ടി. ആർ. രാമനാഥൻ, പ്രൊഫ. ജി. ബാലകൃഷ്ണൻനായർ, സ്വാമി അധ്യാത്മാനന്ദ സരസ്വതി, പ്രൊഫ. ആർ. വാസുദേവൻപോറ്റി, ഡോ. എം. പി. ബാലകൃഷ്ണൻ, ശ്രീ. വിമൽവിജയ്, ഡോ. വി. വസന്തകുമാരി, സ്വാമിനി ശിവാനന്ദപുരി, സ്വാമി ബ്രഹ്മാനന്ദതീർഥർ, ഡോ. എസ്. ശോഭന, ഡോ. എസ്. ഗീതാമണിഅമ്മ, പ്രൊഫ. പി. ആർ. നായർ, ശ്രീ. ആനന്ദേശ്വരൻ, സ്വാമി അനപേക്ഷാനന്ദ

മുഖ്യമാർഗനിർദ്ദേശം

സ്വാമി ഹരിബ്രഹ്മേന്ദ്രാനന്ദ തീർഥ

आर्षविद्याप्रतिष्ठानम्

സംയോജനം

ആർഷവിദ്യാപ്രതിഷ്ഠാനം

Malayalam Language

**Sri Sankara Sarasvata Sarvasvam**

Volume - 13

**Vedanta Prakaranangal**

(UpadesaSahasri, Ekasloki , Mayapanchakam, Upadesapancharatnam, Advaitapancharatnam, Manishapanchakam, Yatipanchakam, Nirvanashatkam, Dhanyashtakam, Svarupanusandhanashtakam, Dasasloki, Nirvanamanjari, Praudanubhuti, Jivanmuktanandalahari, AnatmasrivigarhanaPrakaranam, Laghuvakyavritti, Brahmajnanavalimala, Yogataravali, Brahmanuchintanam, SriManiratnaMala, DrikDrishyavivekam, Vakyavritti)

Philosophy

Commentary By

Dr.E.R.SriKrishnaSarma, VedantaSiromani A. SankaraSarma, Swami ChidanandaPuri, Adv.T.R.Ramanathan, Prof.G.BalakrishnanNair, Swami AdyatmanandaSarasvati, Prof.R. VasudevanPotti, Dr.M.P.Balakrishnan, Sri.VimalVijay, Dr.V.Vasanthakumari, Swamini SivanandaPuri, Swami BrahmanandaThirthar, Dr.S.Sobhana, Dr.S.Geethamani, Prof.P.R.Nair, Sri.Anandeswaran, Swami Anapekshananda

Chief Guidance

**Swami Haribrahmendrananda Thirtha**

First Published July 2019

Cover Design

**Girish Gramam**

Publishers

**ArshaVidyaPrathishtanam**

Rameswaram, Amaravila P.O.

Thiruvananthapuram 695122, Kerala

0471 2223880, 9447097407, 9895744844

ajayakumaravp@gmail.com, www.arshavidya.info

ISBN 978-81-941466-0-5

Copies - 1000

Printed at

**Manipal Technologies Limited, Manipal**

Rs - 16000/- (18 Volumes) Rs - 4800/- (5 volumes @ 2nd Phase)

# ബ്രഹ്മാനുചിന്തനം

ശ്രീശങ്കരന്റെ പ്രകരണകൃതികളിൽ പ്രാധാന്യമർഹിക്കുന്ന ഒരു കൃതിയാണ് ബ്രഹ്മാനുചിന്തനം. മുമുക്ഷുക്കളായ സാധകന്മാർ ബ്രഹ്മാനുചിന്തനം ചെയ്യേണ്ടത് എപ്രകാരമെന്ന് ഇതിൽ വ്യക്തമാക്കുന്നു. അനുഷ്ടുപ് വൃത്തത്തിൽ രചിച്ചിട്ടുള്ള 29 ശ്ലോകങ്ങൾ ആണ് ഇതിൽ അടങ്ങിയിട്ടുള്ളത്. പ്രതിപാദ്യ വിഷയത്തെ അന്വർത്ഥമാക്കുന്നു ബ്രഹ്മാനുചിന്തനമെന്ന ശീർഷകം. ബ്രഹ്മണോ അനുചിന്തനം ബ്രഹ്മാനുചിന്തനം, അനു പശ്ചാത് ചിന്തനം അനുചിന്തനം. മോക്ഷസ്വരൂപമായ ബ്രഹ്മത്തിന്റെ നിരന്തരധ്യാനം- തൈലധാരപോലെ അനുസ്യൂതചിന്തനം. അത്തരത്തിലുള്ള അനുചിന്തനത്തിലൂടെ മാത്രമേ മോക്ഷം സിദ്ധിക്കുകയുള്ളു. ദേഹാദിനാനാത്വനിഷേധത്തിലൂടെ അഹംബ്രഹ്മാസ്മിയെന്ന അനുഭവതലത്തിലേയ്ക്ക് സാധകനെ ഉയർത്താൻ പര്യാപ്തമാണ് ബ്രഹ്മാനുചിന്തനമെന്ന ഈ കൃതി. ഇത് ആകൃതിയിൽ ലഘുവെങ്കിലും വിഷയ പ്രതിപാദനത്തിൽ ഗുരുവും, ഗഹനവുമാണ്.

**അഹമേവ പരം ബ്രഹ്മ വാസുദേവാഖ്യമവ്യയം**
**ഇതി സ്യാന്നിശ്ചിതോ മുക്തോ ബദ്ധ ഏവാന്യഥാ ഭവേത്.** 1

വാസുദേവാഖ്യം = വാസുദേവനാമത്തോട് കൂടിയതും; അവ്യയം = നാശരഹിതവുമായ; പരം ബ്രഹ്മ = പരമമായ ബ്രഹ്മം; അഹം ഏവ ഇതി = ഞാൻ തന്നെയെന്ന്; നിശ്ചിതഃ = നിശ്ചയമുള്ളവൻ; മുക്തഃ സ്യാത് = മുക്തനാകുന്നു; അന്യഥാ = ഇത്തരത്തിലല്ലാത്തയാൾ; ബദ്ധ ഏവ ഭവേത് = ബദ്ധനായിത്തന്നെ ഭവിക്കും.

ഭുവനത്രയത്തിലും വസിക്കുന്നവനാണ് 'വാസുദേവൻ'. ആയതിനാൽ വാസുദേവശബ്ദത്തിനർത്ഥം സർവ്വത്ര വ്യാപ്തനായ പരമാത്മാവ് എന്നാണ്. 'വാസനാത് വാസുദേവസ്യ വാസിതം ഭുവനത്രയം, സർവത്ര വ്യാപ്തഃ ഇത്യർത്ഥഃ.' 'അവ്യയൻ' എന്നാൽ നാശരഹിതൻ അഥവാ എല്ലായ്പ്പോഴും ഏകരൂപത്തിൽ സ്ഥിതി ചെയ്യുന്നവൻ. ന വ്യേതി ഇത്യവ്യയഃ നാശരഹിതഃ സദൈക രൂപഃ ഇത്യർത്ഥഃ. വാസുദേവനും, അവ്യയവും, നിർഗുണനും, നീരൂപനും, അഖണ്ഡ സച്ചിദാനന്ദസ്വരൂപനുമായ പരമമായ ബ്രഹ്മം-പരമാത്മാവ് ഞാൻ തന്നെയാണെന്നുള്ള നിശ്ചയജ്ഞാനമുള്ളവൻ അഥവാ 'അഹം

ബ്രഹ്മാസ്മി' എന്ന അനുഭവജ്ഞാനത്തോടു കൂടിയവൻ, മഹാനക്ര സമാനമായ സംസാരസാഗരത്തിൽ നിന്നും മുക്തനാകുന്നു. ഇത്തരം നിശ്ചയജ്ഞാനമില്ലാത്തയാൾ വീണ്ടും വീണ്ടും ജനനമരണഭ്രമണചക്രമാകുന്ന സംസാരത്തിൽ തളയ്ക്കപ്പെടുന്നു. പക്ഷികൾ അവയുടെ കൂടുകൾ മാറുമ്പോലെ, ജീർണ്ണിച്ച വസ്ത്രങ്ങൾ ഉപേക്ഷിച്ച് പുതിയത് ധരിക്കുംപോലെ വീണ്ടുംവീണ്ടും വന്നും, പൊയ്ക്കൊണ്ടും ഇരിക്കുന്നു. ഈ ആശയം വ്യക്തമാക്കുന്ന വാക്യങ്ങളാണ്-

*വാസാംസി ജീർണ്ണാനി യഥാ വിഹായ*
*നവാനി ഗൃഹ്ണാതി നരോഽപരാണി*
*തഥാ ശരീരാണി വിഹായ ജീർണ്ണാ-*
*ന്യന്യാനി സംയാതി നവാനി ദേഹീ* (ഭ.ഗീ.2.22)

*പുനരപി ജനനം പുനരപി മരണം*
*പുനരപി ജനനീ ജഠരേ ശയനം* (ഭ.ഗോ.21)

**അഹമേവ പരം ബ്രഹ്മ നിശ്ചിതം ചിത്ത ചിന്ത്യതാം**
**ചിദ്രൂപത്വാദസംഗത്വാദബാധ്യത്വാത്പ്രയത്നതഃ. 2**

ഹേ ചിത്ത = അല്ലയോ മനസ്സേ!; ചിദ്രൂപത്വാദ് = ചൈതന്യ സ്വരൂപനായതിനാലും; അസംഗത്വാദ് = ആസക്തിയില്ലാത്തതിനാലും. ഒരിക്കലും ഒന്നിനോടും ബന്ധമില്ലാത്തതിനാലും; അബാധ്യത്വാത് = ഒന്നിനാലും ബാധിക്കപ്പെടാൻ കഴിയാത്തതിനാലും (നശിക്കപ്പെടാത്തതിനാലും); പരം ബ്രഹ്മം = പരമമായ ബ്രഹ്മം; അഹം ഏവ ഇതി = ഞാൻതന്നെയെന്ന്; പ്രയത്നതഃ = പ്രയത്നത്തിലൂടെ(അഭ്യാസത്തിലൂടെ); നിശ്ചിതം = ദൃഢമായി; ചിന്ത്യതാം = ചിന്തിച്ചാലും.

ബ്രഹ്മം സച്ചിദാനന്ദസ്വരൂപമാണ്, അതുപോലെ അസംഗമാണ്. ഐഹിക-ആമുഷ്മിക-വിഷയങ്ങളിൽ (ഭോഗവിഷയങ്ങളിൽ) ആഗ്രഹമില്ലാത്തവൻ. 'അസംഗോഹ്യയം പുരുഷഃ' എന്നു ശ്രുതി. (ബൃ.ഉ.4.3.15) അബാധ്യനാണ് -ഒന്നിനാലും ബാധിക്കപ്പെടാൻ കഴിയാത്തത്- നാശത്തിന് വിധേയമാകാത്തത്, 'ന ബാധ്യതേ ന നശ്യതി ഇത്യബാധ്യഃ'. എല്ലായ്പ്പോഴും ഏകരൂപത്തിൽ സ്ഥിതിചെയ്യുന്നവൻ- 'സദൈകരൂപഃ'. ആയതിനാൽ അതികഠിനമായ യത്നത്താൽ ഞാൻ തന്നെയാകുന്നു പരമാത്മാവ് എന്ന് നിശ്ചയിച്ചുറപ്പിച്ച് അഭ്യാസ-വൈരാഗ്യങ്ങളിലൂടെ അല്ലയോ മനസ്സേ! അനുചിന്തനം

ചെയ്താലും. ഇവിടെ പ്രയത്നം അഭ്യാസം തന്നെ. 'പുനഃപുനഃ ചിന്തനം പ്രയത്നഃ അഥവാ അഭ്യാസഃ അയം' പതഞ്ജലിയുടെ 'യോഗസൂത്ര'ത്തിൽ അഭ്യാസലക്ഷണം 'തത്ര സ്ഥിതൗ യത്നോ/ഭ്യാസഃ' (യോ.സൂ.1.13) ധ്യേയമായതിൽ മാത്രം സ്ഥിതി ചെയ്യുന്നതിൽ നിരന്തരമായി ചെയ്യുന്ന പ്രയത്നത്തെയാണ് അഭ്യാസമെന്നു പറയുന്നത്. ബൃഹദാരണ്യകോപനിഷത്തിൽ – 'ആത്മാ വാ അരേ! ദ്രഷ്ടവ്യഃ ശ്രോതാവ്യോ മന്ദവ്യോ നിദിദ്ധ്യാസിതവ്യഃ' (2.4.5, 4.5.6) എന്ന് ശ്രുതിയും ഈ ആശയത്തെ വ്യക്തമാക്കുന്നു.

ബ്രഹ്മം നാശത്തിന് വിധേയമാകാത്തത്-അബാധ്യം. 'അച്ഛേദ്യോ/യമദാഹ്യോ/യം അക്ലേദ്യോ അശോഷ്യ ഏവ ച.' (ഭ.ഗീ.2.24) എന്ന ഗീതാവചനം ആത്മാവ് അബാധ്യനാണെന്ന് വ്യക്തമാക്കുന്നു.

**അഹമേവ പരം ബ്രഹ്മ ന ചാഹം ബ്രഹ്മണഃ പൃഥക്**
**ഇത്യേവം സമുപാസീത ബ്രാഹ്മണോ ബ്രഹ്മണി സ്ഥിതഃ.** 3

ബ്രഹ്മണി സ്ഥിതഃ = ബ്രഹ്മത്തിൽ സ്ഥിതി ചെയ്യുന്നവൻ; ബ്രാഹ്മണഃ = ബ്രാഹ്മണൻ; അഹം ഏവ പരം ബ്രഹ്മ = ഞാൻ തന്നെയാണ് പരബ്രഹ്മം; അഹം ച = ഞാനാകട്ടെ; ബ്രഹ്മണഃ പൃഥക് ന = ബ്രഹ്മത്തിൽ നിന്ന് ഭിന്നനല്ല (ഞാൻ ബ്രഹ്മം തന്നെ); ഇതി ഏവം സമുപാസീത = എന്നിങ്ങനെ നന്നായി ഉപാസിച്ചാലും.

ബ്രഹ്മസ്ഥിതൻ, ഞാൻ തന്നെയാണ് പരമമായ ബ്രഹ്മം എന്ന് നന്നായി ഉപാസിക്കണമെന്ന് ഉപദേശിക്കുന്നു. ഇവിടെ ബ്രാഹ്മണശബ്ദത്തിന് ബ്രഹ്മജ്ഞാനമുള്ളവൻ ബ്രാഹ്മണൻ, അല്ലാതെ ജാതിബ്രാഹ്മണനെയല്ല ഉദ്ദേശിച്ചിട്ടുള്ളത്. ശൂദ്രജാതിയിൽ പിറന്നാലും ബ്രഹ്മജ്ഞാനമുണ്ടെങ്കിൽ ബ്രാഹ്മണൻ. ബ്രാഹ്മണജാതിയിൽ ജനിച്ചതുകൊണ്ടായില്ല, ബ്രഹ്മജ്ഞാനമില്ലെങ്കിൽ അയാൾ ശൂദ്രനാകുന്നു. കർമ്മംകൊണ്ടാണ് ദ്വിജനാകുന്നത്. 'ബ്രഹ്മജ്ഞാനാച്ച-ബ്രാഹ്മണഃ,' 'ജന്മനാ ജായതേ ശൂദ്രഃ' എന്നു തുടങ്ങി ശ്രുതി സ്മൃതികളും ഇത് വ്യക്തമാക്കുന്നു. ആയതിനാൽ തീർച്ചയായും എല്ലായ്പ്പോഴും ബ്രഹ്മചിന്തയിൽ മുഴുകി, 'ഞാൻ ബ്രഹ്മം തന്നെയാണ് മറ്റൊന്നല്ല', ഈ ജീവാത്മാവ് ബ്രഹ്മം തന്നെയാണ് (പരമാത്മാവു തന്നെ) എന്ന് അനുചിന്തനം ചെയ്ത് ഞാൻ ബ്രഹ്മമാകുന്നുവെന്ന ബോധം ഉണ്ടാക്കണം. 'ജീവോബ്രഹ്മൈവനാപരഃ' (ബ്ര.ജ്ഞാ.മാ.20),

'അയമാത്മാബ്രഹ്മ' (മാ.ഉ.2), 'അഹംബ്രഹ്മാസ്മി' (ബൃ.ഉ.1.4.10). അപ്പോൾ കൂടസ്ഥചൈതന്യവും ജീവചൈതന്യവും ഒന്നുതന്നെയെന്നറിയുന്നു. ഇവിടെ ചിത്തൈകാഗ്രതയിലൂടെ ബ്രഹ്മത്തിൽ സ്ഥിതപ്രജ്ഞനാകുക എന്നതാണ് ഉപാസനയുടെ ലക്ഷ്യം. ഇത് ശ്രുതിയിലും സ്മൃതിയിലും വ്യക്തമാക്കുന്നു. 'ബ്രഹ്മവിത് ബ്രഹ്മണി സ്ഥിതഃ' (ഭ.ഗീ.5.20), 'ആത്മന്യേവ ആത്മനാ തുഷ്ടഃ സ്ഥിത പ്രജ്ഞ-സ്തദോച്യതേ' ഇതി(ഭ.ഗീ.2.55), 'ആത്മേത്യേവോപാസീത' (ബൃ.ഉ. 1.4.7), 'ആത്മാനമേവ ലോകമുപാസീത'*(ബൃ.ഉ. 1.4.15) 'ബ്രഹ്മ വേദ ബ്രഹ്മൈവ ഭവതി' (മു.ഉ.2.9).

**ഉപാസീത- വിധിലിംഗ് (ആസ ഉപവേശനേ)/ഉപാസാതാം-ഉപാസീരൻ.*

**സർവോപാധിവിനിർമുക്തം ചൈതന്യം ച നിരന്തരം**
**തദ്ബ്രഹ്മാഹമിതി ജ്ഞാത്വാ കഥം വർണാശ്രമീ ഭവേത്** 4

സർവോപാധിവിനിർമുക്തം = എല്ലാ ഉപാധികളിൽ നിന്നും തീർത്തും മുക്തമായ; ചൈതന്യം ച = ചൈതന്യത്തെ; നിരന്തരം ചിന്ത്യതാം = തുടർച്ചയായി ചിന്തിച്ചാലും; തദ് ബ്രഹ്മ അഹം ഇതി ജ്ഞാത്വാ = ആ ബ്രഹ്മം ഞാൻ തന്നെയെന്ന് അറിഞ്ഞിട്ട്; വർണാശ്രമീ കഥം ഭവേത് = വർണ്ണാശ്രമധർമ്മങ്ങൾ ഉള്ളതായി എങ്ങനെ ഭവിക്കും?

സകല ഉപാധികളിൽ നിന്നും നിശ്ശേഷണ മുക്തമായ ചൈതന്യത്തെ-നിരുപാധികബ്രഹ്മത്തെ നിരന്തരം ചിന്തിച്ചാലും. അപ്പോൾ ഏകവും, അദ്വിതീയവുമായ ബ്രഹ്മം ഞാൻ തന്നെയെന്ന് അറിയുന്നു. ഇത്തരത്തിൽ അറിയുന്നവന് വർണ്ണാശ്രമധർമ്മങ്ങൾ എങ്ങനെ ഭവിക്കും? ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യാദിവർണ്ണധർമ്മങ്ങളോ, ബ്രഹ്മചര്യ-ഗാർഹസ്ഥ്യ-വാനപ്രസ്ഥാദി ആശ്രമധർമ്മങ്ങളോ, തത്സംബന്ധികളായ കർമ്മാനുഷ്ഠാനങ്ങളോ ഉണ്ടാകുന്നില്ല. ദേവ-മനുഷ്യ-തിര്യംഗ്-യോനികളിലൂടെ വിവിധ നാമരൂപങ്ങളാൽ പ്രതിഭാസിക്കുന്ന ഈ പ്രപഞ്ചം മുഴുവൻ ഞാൻ തന്നെയാണ്, ('സച്ചിദാനന്ദംബ്രഹ്മ,' 'സത്യംജ്ഞാനമനന്തം ബ്രഹ്മ' (തൈ.ഉ.3.1.1), 'ബ്രഹ്മ വാ ഇദമഗ്ര ആസീത്' (ബൃ.ഉ.1.4.11) എന്ന ബോധം സംജാതമാകുന്നു. ഈ ആശയം ശ്രീശങ്കരാചാര്യരുടെ ദശശ്ലോകിയിൽ വർണ്ണിച്ചിട്ടുള്ളത് കാണാം-

*ന വർണ്ണാ ന വർണ്ണാശ്രമാചാരധർമ്മാ*
*ന മേ ധാരണാധ്യാനയോഗാദയോഽപി*
*അനാത്മാശ്രയോഽഹംമമാധ്യാസഹാനാത്*
*തദേകോഽവശിഷ്ടഃ ശിവഃ കേവലോഽഹം (2)*

**അഹം ബ്രഹ്മാസ്മി യോ വേദ സ സർവം ഭവതി തിദം**
**നാഭൂത്യാ ഈശതേ ദേവാസ്തേഷാമാത്മാ ഭവേദ്ധി സഃ. 5**

അഹം ബ്രഹ്മ അസ്മി ഇതി = ഞാൻ ബ്രഹ്മമാകുന്നുവെന്ന്; യഃ വേദ = യാതൊരാൾ അറിയുന്നുവോ; സ തു ഇദം സർവം ഭവതി = അവൻ ഇതെല്ലാമാകുന്നു; ന അഭൂത്യാ* = ജനനം ഉണ്ടാകാത്ത; ദേവാഃ = ദേവന്മാർ; ഈശതേ* = അടക്കി വാഴുന്നുവോ; ഹി സ തേഷാം ആത്മാ ഭവേത് = അവരുടേയും ആത്മാവാകുന്നുവല്ലോ അദ്ദേഹം.

*അഭൂതിഃ — ഉത്പത്തിഃ, ന അഭൂതിഃ നോത്പത്തിഃ

*ഈശതേ — ഈശ് പരമൈശ്വര്യേ/ ഈഷ്ടേ ഈശാതേ ഈശതേ- ലട്‌ലകാരത്തിന്റെ രൂപം.

ഞാൻ ബ്രഹ്മമാകുന്നുവെന്ന് യാതൊരാൾ അറിയുന്നുവോ അദ്ദേഹം ഇതെല്ലാമാകുന്നു. ഈ ജഗത് മുഴുവൻ ബ്രഹ്മം തന്നെ. 'സർവം ഖല്വിദം ബ്രഹ്മ' (ഗാ.ഉ.6,ഛാ.ഉ.3.14.1) ഉത്പത്തിയില്ലാത്തവരും ജരാനരകൾക്കതീതരുമായ ദേവന്മാർ ഈ ലോകത്തെ മുഴുവൻ നിയന്ത്രിക്കുന്നു അഥവാ അടക്കിവാഴുന്നു. അങ്ങനെയുള്ള ദേവന്മാരുടേയും ആത്മാവാകുന്നു ബ്രഹ്മം. ഈ ആശയം ഈശാവാസ്യോപനിഷത്തിൽ പറയുന്നുണ്ട്-

*ഈശാവാസ്യമിദം സർവം യത് കിഞ്ചജഗത്യാം ജഗത്(ഈ.ഉ.1)*

അതുപോലെ മുണ്ഡകോപനിഷത്തിൽ വർണ്ണിക്കുന്നു-

'തസ്യ ഭാസാ സർവമിദം വിഭാതി' (മു.ഉ.2.2.11) (ശ്വേ.ഉ.6.14, ക.ഉ.5.15)

**അന്യോസാവഹമന്യോഽസ്മീത്യുപാസ്തേയോഽന്യദേവതാം**
**ന സ വേദ നരോ ബ്രഹ്മ സ ദേവാനാം യഥാ പശുഃ. 6**

അസൗ അന്യഃ = ഇവൻ അന്യനാണ്; അഹം അന്യ അസ്മി = ഞാൻ അന്യനാകുന്നു; ഇത്യേവം യഃ = എന്നിങ്ങനെ യാതൊരാൾ; അന്യദേവതാം ഉപാസ്തേ = ഇതരദേവതയെ ഉപാസിക്കുന്നുവോ;